L.P Gas.

©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 29th May 2009<br>2009 മേയ് 29<br>8th Jyaishta 1931<br>1931 ജ്യേഷ്ഠം 8 | No. നമ്പർ 960 |

## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (ആർടി.) നമ്പർ 704/2009/തൊഴിൽ. *തിരുവനന്തപുരം, 2009 മേയ് 27.*

**എസ്.ആർ.ഒ. നമ്പർ 419/2009.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ചപ്രകാരം, സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 1999 ജൂൺ 21-ാം തീയതിയിലെ 1206-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 527/1999 ആയി പ്രസിദ്ധീകരിച്ച 1999 ജൂൺ 15-ാം തീയതിയിലെ ജി. ഒ. (ആർടി.) നമ്പർ 1893/99/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2008 ആഗസ്റ്റ് 13-ാം തീയതിയിലെ 1824-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2008 ആഗസ്റ്റ് 6-ാം തീയതിയിലെ 33633/ഇ1/2007/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച ശേഷവും കൂടാതെ പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപവൽക്കരിച്ച മിനിമം വേതന ഉപദേശകബോർഡിന്റെ ഉപദേശം പരിഗണിച്ച

ശേഷവും, കേരള സംസ്ഥാനത്തെ എൽ. പി. ഗ്യാസ് (പാചക വാതക) ഏജൻസി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം, കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചിയിക്കുന്നു. ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധികരിക്കുന്ന തീയതി മുതൽ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

## പട്ടിക

1. *അടിസ്ഥാന വേതനം*

| *ക്രമ നമ്പർ* | *തസ്തികയുടെ പേര്/ ജോലി വിഭാഗം* | *പ്രതിമാസ അടിസ്ഥാന വേതനം (രൂപ)* |
|---|---|---|
| 1 | മാനേജർ | 3437.50 |
| 2 | അസിസ്റ്റന്റ് മാനേജർ | 3312.50 |
| 3 | അക്കൗണ്ടന്റ് | 3187.50 |
| 4 | കാഷ്യർ | |
| 5 | ക്ലാർക്ക് | |
| 6 | ടൈപ്പിസ്റ്റ് | |
| 7 | സ്റ്റെനോഗ്രാഫർ | |
| 8 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | |
| 9 | മെക്കാനിക്ക് | |
| 10 | ഡ്രൈവർ (ഹെവി ഡ്യൂട്ടി) | |
| 11 | ഡ്രൈവർ (ലൈറ്റ് ഡ്യൂട്ടി) | 3150.00 |
| 12 | ഡെലിവറി ബോയ് | |
| 13 | ഗോഡൗൺ കീപ്പർ | |
| 14 | അറ്റന്റർ | 3100.00 |
| 15 | വാച്ച്മാൻ | |
| 16 | പ്യൂൺ | |
| 17 | ഗോഡൗൺ അസിസ്റ്റന്റ് | |
| 18 | സ്വീപ്പർ | |

2. *ക്ഷാമബത്ത.*—മേൽ നിശ്ചയിച്ച അടിസ്ഥാനവേതനത്തിന് പുറമേ കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ് ഓരോ ജില്ലാകേന്ദ്രത്തിനും വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99= 100 എന്ന പുതിയ ഉപഭോക്തൃത വിലസൂചികയിലെ 100 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സൂചികയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 22 രൂപ 10 പൈസ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

വയനാട് ജില്ലാകേന്ദ്രത്തിനും, ഇടുക്കി ജില്ലാ കേന്ദ്രത്തിനും വേണ്ടി ഇപ്പോൾ ഉപഭോക്തൃ വില സൂചിക പ്രസിദ്ധീകരിക്കുന്നില്ല എന്നതിനാൽ മേപ്പാടി കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചിക അടിസ്ഥാനമാക്കി വയനാട് ജില്ലയിലും, മൂന്നാർ കേന്ദ്രത്തിനുവേണ്ടി പ്രസിദ്ധീകരിക്കുന്ന സൂചിക അടിസ്ഥാനമാക്കി ഇടുക്കി ജില്ലയിലും ക്ഷാമബത്ത നിർണ്ണയിക്കേണ്ടതാണ്.

3. *സർവ്വീസ് വെയിറ്റേജ്.*—ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിക്ക്, ഏതെങ്കിലും സ്ഥാപനത്തിൽ അഥവാ തൊഴിലുടമയുടെ കീഴിൽ തുടർച്ചയായി 3 വർഷത്തിൽ കുറയാത്ത സേവനകാലം പൂർത്തിയാക്കിയ തൊഴിലാളികൾക്ക്, അവർ പൂർത്തിയാക്കിയ ഓരോ വർഷത്തേയും പുതുക്കിയ അടിസ്ഥാനവേതനത്തിന്റെ ഒരു ശതമാനം വീതം പരമാവധി 10 ശതമാനം തുക അടിസ്ഥാനവേതനത്തിൽ ഉൾപ്പെടുത്തി സർവ്വീസ് വെയിറ്റേജ് ആയി നൽകേണ്ടതാണ്.

4. പട്ടികയിൽ പറഞ്ഞിട്ടുള്ള 'ഡെലിവറി ബോയി' എന്ന ജോലി ചെയ്യുന്നവർ ഒരു ദിവസം ഏറ്റവും കുറഞ്ഞത്, യന്ത്രവൽകൃത വാഹനത്തിലാണെങ്കിൽ (മെക്കനൈസ്ഡ്) 50 എണ്ണവും യന്ത്രവൽകൃതമല്ലാത്ത (നോൺ മെക്കനൈസ്ഡ്) വാഹനത്തിലാണെങ്കിൽ സിറ്റി കോർപ്പറേഷൻ പ്രദേശങ്ങളിൽ 25 എണ്ണവും മറ്റു പ്രദേശങ്ങളിൽ 20 എണ്ണവും വീതം സിലിണ്ടറുകൾ വിതരണം ചെയ്യേണ്ടതാണ്.

5. ഈ വിജ്ഞാപനപ്രകാരം പ്രതിമാസവേതനം നിശ്ചയിച്ചിട്ടുള്ള വിഭാഗം തൊഴിലാളികളുടെ ദിവസവേതനം കണക്കാക്കുന്നത് മൊത്തം പ്രതിമാസ വേതനത്തെ (അടിസ്ഥാനവേതനവും ക്ഷാമബത്തയും ഉൾപ്പെടെ) 26 കൊണ്ട് ഭാഗിച്ച് ആയിരിക്കേണ്ടതാണ്.

6. മേൽപ്പറഞ്ഞിരിക്കുന്ന മിനിമം വേതനത്തിൽ കൂടുതൽ ഏതെങ്കിലും സ്ഥലങ്ങളിൽ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെങ്കിൽ അപ്രകാരമുള്ള ആനുകൂല്യങ്ങൾ അവർക്ക് തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സർക്കാർ, 1999 ജൂൺ 21-ാം തീയതിയിലെ 1206-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 527/99 ആയി പ്രസിദ്ധീകരിച്ചതും 1999 ജൂൺ 15-ാം തീയതിയിലെ ജി. ഒ. (ആർ ടി.) 1893/99/തൊഴിൽ എന്ന നമ്പരിൽ പുറപ്പെടുവിച്ചതുമായ വിജ്ഞാപനപ്രകാരം കേരള സംസ്ഥാനത്തെ എൽ. പി. ഗ്യാസ് (പാചകവാതക) ഏജൻസി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമംവേതന നിരക്കുകൾ നിശ്ചയിച്ചിരുന്നു. സർക്കാർ ഇപ്പോൾ, ഈ ആവശ്യത്തിനായി രൂപവൽക്കരിച്ചിട്ടുള്ള മിനിമം വേതന ഉപദേശക സമിതിയോട് കൂടിയാലോചിച്ചശേഷവും, അതിൻമേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും കേട്ടശേഷവും, പ്രസ്തുത വ്യവസായത്തിലെ നിലവിലുള്ള മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.